ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന സംയോജിത നീർത്തടപദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി, കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) നീലേശ്വരം, പയ്യന്നൂർ, തുണേരി, വണ്ടൂർ, അരീക്കോട്, പട്ടാമ്പി, കൊടകര, വടക്കാഞ്ചേരി, വൈപ്പിൻ, ഇളംദേശം, ചമ്പക്കുളം, ഈരാറ്റുപേട്ട, റാന്നി, ഇത്തിക്കര എന്നീ 15 ബ്ലോക്കുകളിലെ പ്രോജക്ടുകൾക്ക് കേന്ദ്രസർക്കാരിന്റെ സ്റ്റിയറിംഗ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്.

(സി) 113 കോടി രൂപയാണ് കേന്ദ്രവിഹിതമായി വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) സംസ്ഥാനവിഹിതം 12.58 കോടി രൂപയാണ്.

(ഇ) കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കാവുന്നതാണ്. പ്രോജക്ടിന്റെ കാലാവധി 5 വർഷമാണ്.

പഞ്ചായത്തുകളിൽ രൂപീകരിക്കേണ്ട നെൽവയൽ നീർത്തട പ്രാദേശികസമിതി

160(368)ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയുടെ തരം നിശ്ചയിക്കുന്നതിനായി പഞ്ചായത്തുകളിൽ രൂപീകരിക്കേണ്ട നെൽവയൽ നീർത്തട പ്രാദേശിക സമിതി പല പഞ്ചായത്തുകളിലും ഇതിനകം രൂപീകരിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്കാരണം വീട് നിർമ്മാണത്തിനും മറ്റും അനുമതി ലഭിക്കാതെ സാധാരണ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രമാണത്തിൽ പാടമെന്ന് രേഖപ്പെടുത്തിയ കരഭൂമിയിൽ ചെറിയ വാസഗൃഹങ്ങൾ നിർമ്മിക്കാൻ അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഇത്തരം സ്ഥലങ്ങളിൽ ഇതിനകം നിർമ്മിച്ചിട്ടുള്ള വാസ ഗൃഹങ്ങൾക്ക് നമ്പർ നൽകി അവക്രമവൽക്കരിക്കുന്ന കാര്യം പരിഗണിക്കുമോ :

(ഇ) നടപടിക്രമങ്ങൾ ലഘൂകരിച്ച് ഭവനനിർമ്മാണത്തിന് അനുമതി നൽകാൻ എന്തൊക്കെ ശ്രമങ്ങൾ സർക്കാർ ഭാഗത്തുനിന്നുണ്ടാകുമെന്ന് അറിയിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ബി) അതാത് ജില്ലാ കളക്ടർമാർ ലഭ്യമാക്കിയ നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം (2008) അനുശാസിക്കുന്ന വിധത്തിലുള്ള പ്രാദേശികതല നിരീക്ഷണ സമിതികൾ രൂപീകരിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി-ഡി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ബാധകമാകുന്നതിന് മുമ്പ് റവന്യൂ രേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയ കരഭൂമികളിൽ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് ലഭിക്കുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി പരാതികൾ ലഭിച്ചതിനെ തുടർന്ന് ചില നിബന്ധനകൾക്ക് വിധേയമായി 300 മീറ്റർ സ്ക്വയർ വരെ വലിപ്പമുള്ള വാസഗൃഹങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകാമെന്ന് നിർദ്ദേശിച്ചുകൊണ്ട് 31-7-2008-ലും 23-09-2008-ലും സർക്കുലറുകൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണം നിയമം ബാധകമായതിനെ തുടർന്ന് വില്ലേജ് ഓഫീസറും കൃഷിഓഫീസറും ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയും ഉൾപ്പെട്ട കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിലേക്കുള്ള കമ്മിറ്റി ചില തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ കൂടുന്നില്ലായെന്ന പരാതി ലഭിച്ചതിനെ തുടർന്ന് നിലവിലുള്ള സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി താഴെ പറയുന്ന വ്യവസ്ഥകൾ കൂടി ചേർത്ത് 22-1-2011-ൽ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകുന്നതിന് സർക്കാർ ഒരു സർക്കുലറും കൂടി പുറപ്പെടുവിച്ചിട്ടുണ്ട്:

a) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണം നിയമം നിലവിലുള്ള നെൽവയൽ, തണ്ണീർത്തടങ്ങൾ എന്നിവയ്ക്കു മാത്രം ബാധകമായതിനാൽ പുതിയതായി നികത്തുന്നതിനു മാത്രമേ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ ബാധകമാകുകയുള്ളൂ. അതുകൊണ്ട് പ്രസ്തുത നിയമം നിലവിൽ വരുന്നതിന് കുറഞ്ഞത് 10 വർഷം മുമ്പ് നികത്തപ്പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകാവുന്നതാണ്.

b) 31-7-2008-ലെ 45846/ആർ.എ.1/08/ത.സ്വ.ഭ.വ., 23-9-2008-ലെ 59655/ആർ.എ.1/08/ത.സ്വ.ഭ.വ. എന്നീ നമ്പർ സർക്കുലറുകൾ പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വീട് നിർമ്മിച്ചിട്ടുള്ള പക്ഷം അവ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമാണെങ്കിൽ അവയ്ക്ക് കെട്ടിട നമ്പർ നൽകേണ്ടതാണ്.

c) റവന്യൂ/കൃഷി എന്നീ വകുപ്പുകളുടെ പ്രതിനിധികൾ കമ്മിറ്റിയിൽ നിർബന്ധമായി പങ്കെടുക്കേണ്ടതാണ്. കമ്മിറ്റി എല്ലാ മാസവും കൂടുന്നതിന് പഞ്ചായത്ത്/നഗരസഭാ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 13.14 എന്നിവയിൽ കെട്ടിട നിർമ്മാണാനുമതി നൽകുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. പലപ്പോഴും ഈ സമയപരിധി പാലിക്കാത്തത് മൂലം പൊതു ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കാലതാമസം ഒഴിവാക്കി,നിശ്ചിത സമയപരിധിക്കുള്ളിൽ കുറ്റമറ്റ രീതിയിൽ നിർമ്മാണാനുമതി നൽകുന്നതിലേക്കായി 27/6/2010 -ൽ 36587/ആർ.എ1./2009/ തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നഗരസഭകൾക്കും 23-12-2010-ൽ 36587(1)/ആർ.എ.1/09/തസ്വഭവ. സർക്കുലർ പ്രകാരം പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷകളിൻമേൽ ഓരോ ഉദ്യോഗസ്ഥരും അപേക്ഷ പരിശോധിച്ചു തീരുമാനം എടുക്കുന്നതിനുള്ള സമയപരിധി നിശ്ചയിച്ചുകൊണ്ട് 15-9-2010-ൽ 71395(1) /ആർ.എ/09/തസ്വഭവ. നമ്പരായി ഒരു സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരസഭയിൽ ഇതിനോടകം തന്നെ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 150 ച. മീറ്റർ വരെ പ്ലിന്ത് ഏരിയായുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് അപേക്ഷ സ്ക്രൂട്ടിനി ചെയ്യുന്ന ദിവസം തന്നെ നിയമാനുസൃതമെന്ന് കണ്ടാൽ പെർമിറ്റ് നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

വിസ്തൃതി കുറഞ്ഞുവരുന്ന ജലാശയങ്ങൾ

161(369) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിലെ തോടുകളുടെയും, നഗരാതിർത്തിയിലെ കായലുകളുടെയും വിസ്തൃതി കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തോടുകളും മറ്റ് ജലാശയങ്ങളും സ്വകാര്യവ്യക്തികൾ കയ്യേറിയവ കണ്ടെത്താനും തിരിച്ചുപിടിക്കാനും നടപടി സ്വീകരിക്കുമോ ;

(സി) നഗരസഭ സൂക്ഷിച്ചിട്ടുള്ള തോടുകളുടെയും കായലുകളുടെയും കൃഷിയിടങ്ങളുടെയും മാപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകി കയ്യേറ്റം തിരിച്ചു പിടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) നഗരസഭാ അതിർത്തിയിലെ തോടുകളുടെയും കായലുകളുടെയും കൃഷിയിടങ്ങളുടെയും മാപ്പുകൾ നിലവിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly